# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 964/11/12/2025/**

പരാതികക്ഷി: ജിറ്റെറ്റസ് മനോഹരൻ., ക്രിസ്തുവിലാസം,
മാന്തറ, മാമ്പഴക്കര, പെരുമ്പഴുതൂർ,തിരുവനന്തപുരം

എതിർകക്ഷികൾ

**ഉത്തരവ് തീയതി 07.10.2025**

ഹർജികക്ഷി 16.09.1993 ൽ എം പാനൽ കണ്ടക്ടറായി KSRTC നെയ്യാറ്റിൻകര ഡിപ്പോയിൽ നിയമിതനാവുകയും 31.05.2020 തീയതി ഗുരുവായൂർ ഡിപ്പോയിൽ നിന്നും വിരമിക്കുകയും ചെയ്തു എന്നും, താൻ സെക്യൂരിറ്റി ഡിപ്പോസിറ്റ് ആയി അടച്ചിരുന്ന 3000/- രൂപ തിരികെ കിട്ടുന്നതിനായി അപേക്ഷ നൽകിയിട്ട് നാളിതുവരെ തുക ലഭിച്ചിട്ടില്ല എന്നും മറ്റുമാണ് പരാതി വിഷയം.

2. പരാതി വിഷയത്തിൽ KSRTC ചീഫ് ലോ ഓഫീസർ 16.08.2025 തീയതി റിപ്പോർട്ട് സമർപ്പിച്ചു. പരാതി ഉന്നയിച്ചിരിക്കുന്ന ആവശ്യത്തെ സംബന്ധിച്ച് കെ എസ് ആർ ടി സി പരിശോധിച്ചു എന്നും പരാതിയിൽ പറയുന്ന പ്രകാരം ടിയാൻ സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ ലഭിക്കുവാൻ വേണ്ടി കെ എസ് ആർ ടി സി യുടെ നെയ്യാറ്റിൻകര ഡിപ്പോയിൽ നാളിതുവരെ അപേക്ഷ ഒന്നും സമർപ്പിച്ചിട്ടില്ല എന്നും റിപ്പോർട്ടിൽ കാണുന്നു.

3. പരാതി പരിഗണനയ്ക്കെടുത്ത 07.09.2025 തീയതി ഹർജികക്ഷി ഹാജരായി ആക്ഷേപം സമർപ്പിച്ചു . താൻ നെയ്യാറ്റിൻകര ഡിപ്പോയിൽ ജോലിയിൽ ചേർന്ന സമയം ഡെപ്പോസിറ്റ് തുകയായ3000/ ഒടുക്കിയിട്ടുള്ളതായും ആയത് ലഭിക്കുന്നതിനായി താൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും ടിയാൻ ആവർത്തിക്കുകയുണ്ടായി.

4. കമ്മീഷൻ കേസ് പരിശോധിച്ചു. ഹർജികക്ഷി എംപാനൽ കണ്ടക്ടറായി നിയമിതനായിരുന്നു എന്ന കാര്യത്തിൽ കെഎസ്ആർടിസിക്ക് തർക്കമില്ല. ഈ സാഹചര്യത്തിൽ ഡെപ്പോസിറ്റ് തുക നിർബന്ധമായും ഈടാക്കിയാണ് നിയമനം നൽകിയിട്ടുള്ളത് ടിയാൻ .15.10.1993 തീയതി നെയ്യാറ്റിൻകര ഡിപ്പോയിൽ 3000/ ഒടുക്കിയതിന്റെ രസീതിൻെറ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. അതിനാൽ 6 ആഴ്ചയ്ക്കുള്ളിൽ പരാതിക്കാരൻ ഒടുക്കിയ ഡെപ്പോസിറ്റ് തുക തിരികെ നൽകുന്നതിനുള്ള നടപടി കെ എസ് ആർ ടി സി മാനേജിങ് ഡയറക്ടർ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോട് കൂടി ഈ പരാതി തീർപ്പാക്കുന്നു.

ഈ ഉത്തരവിനോടൊപ്പം ഹർജികക്ഷി ഹാജരാക്കിയ ഡെപ്പോസിറ്റ് തുകയുടെ രസീതിന്റെ പകർപ്പ് കൂടി മാനേജിംഗ് ഡയറക്ടർ അയച്ചു കൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

രജിസ്ട്രാർ

//ശരിപ്പകർപ്പ്//